Circular: 2/Gen /2022

# പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ

ദേവലോകം, കോട്ടയം – 686 004

Ph: 0481 2572890, website: ossae.org, e-mail: dgossae@gmail.com

2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിൽ നടന്ന വാർഷിക പരീക്ഷകൾ എല്ലാ കേന്ദ്ര ങ്ങളിലും ഭംഗിയായി നടത്തുവാൻ സഹകരിച്ച എല്ലാ പ്രവർത്തകരെയും അനുമോദിക്കുന്നു. വിവിധ കേന്ദ്രങ്ങളിൽനിന്നുള്ള ഹാജർഷീറ്റ് ലഭിക്കുന്ന മുറയ്ക്ക് പരീക്ഷാഫലം ഔദ്യോഗി കമായി പ്രസിദ്ധീകരിക്കുന്നതാണ്.

## സപ്ലിമെന്ററി പരീക്ഷ (Supplimentary Exam)

ജനുവരിയിൽ നടന്ന പത്താം ക്ലാസ് പരീക്ഷയിൽ E Grade ലഭിച്ച കുട്ടികൾ തുടർപഠന ത്തിന് അർഹത നേടിയിട്ടില്ലാത്തതിനാൽ അവർക്ക് പതിനൊന്നാം ക്ലാസ് പഠനത്തിന് അർഹത നേടുവാൻ ഒരു അവസരംകൂടി നൽകുകയാണ്. 2022 ഫെബ്രുവരി 6 ഞായർ 3 മണിക്കായിരിക്കും പ്രസ്തുത പരീക്ഷ. കഴിഞ്ഞ പരീക്ഷയിൽ E Grade മാത്രം ലഭിച്ചവർക്കും രജിസ്റ്റർ ചെയ്തിട്ടും വിവിധ കാരണങ്ങളാൽ പരീക്ഷ എഴുതുവാൻ സാധിക്കാത്തവർക്കും പ്രസ്തുത പരീക്ഷ, നേരത്തെ ലഭിച്ച രജിസ്റ്റർ നമ്പർ ഉപയോഗിച്ചുതന്നെ എഴുതാവുന്നതാണ്. അങ്ങനെ എഴുതുവാൻ താത്പര്യപ്പെടുന്നവർ 2022 ജനുവരി 30 ശനിയാഴ്ചയ്ക്കു മുൻപായി ഹെഡ്മാസ്റ്റർ മുഖാന്തിരം ഇൻസ്പെക്ടറെ അറിയിക്കണം. ഇൻസ്പെക്ടർമാർ, ഡയറക്ടർ മുഖാന്തിരം കേന്ദ്രത്തിൽ അറിയിക്കണം. എല്ലാ കേന്ദ്രങ്ങളിലും ഡയറക്ടർമാർ നിരീക്ഷകരെ നിയോഗിക്കുകയും ഹാജർഷീറ്റ് ഒപ്പിടുവിച്ച് കേന്ദ്രത്തിലേക്ക് അയക്കുകയും വേണം.

വളരെ വിദൂരതയിലാണ് ഡിസ്ട്രിക്ട് സെന്റർ എങ്കിൽ ഇൻസ്പെക്ടർമാർ ഡയറക്ടർ ജനറ ലിന്റെ അനുമതിയോടും ഡയറക്ടറുടെ അറിവോടുംകൂടി മറ്റു കേന്ദ്രങ്ങൾ അനുവദിക്കുകയും ഇൻസ്പെക്ടറുടെ ചുമതലയിൽതന്നെ പരീക്ഷ നടത്തുകയും ചെയ്യണം.

## വേദപ്രവീൺ ഡിപ്ലോമാ പ്രൈവറ്റ് പരീക്ഷ

പന്ത്രണ്ടാം ക്ലാസ് പ്രൈവറ്റായി എഴുതുവാൻ ഉദ്ദേശിക്കുന്നവർക്കുള്ള പരീക്ഷ 2022 മെയ് 22 ഞായറാഴ്ച 3 മണിക്കു നടത്തും. കഴിഞ്ഞ പരീക്ഷയിൽ E Grade ലഭിച്ചവർക്കും പ്രസ്തുത പരീക്ഷ എഴുതാം. പരീക്ഷ എഴുതുവാൻ താത്പര്യമുള്ള എല്ലാവരും 2022 മാർച്ച് 19 മുതൽ 31 വരെയുള്ള തീയതികളിൽ 100 രൂപാ ഫീസ് അടച്ച് ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യണം. വേദപ്രവീൺ ഡിപ്ലോമാ പരീക്ഷയ്ക്ക് ആവശ്യമായ എല്ലാ നിബന്ധനകളും അവർ പാലിച്ചിരിക്കണം. (പ്രോജക്ട് റിപ്പോർട്ട്, ഓറിയന്റേഷൻ റിപ്പോർട്ട്, മൂന്നു മണിക്കൂർ ക്ലാസ് എടുക്കുക എന്നിവ) 2022 ജനുവരിയിൽ നടന്ന പരീക്ഷയ്ക്കുവേണ്ടി പ്രോജക്ട് റിപ്പോർട്ടും ഓറിയന്റേഷൻ റിപ്പോർട്ടും സമർപ്പിച്ചവർ അവരുടെ രജിസ്റ്റർ നമ്പർ നൽകിയാൽ മതി. എന്നാൽ പ്രോജക്ട് റിപ്പോർട്ട് improve ചെയ്യണമെന്നുള്ളവർക്കു വേറെ റിപ്പോർട്ട് സമർപ്പി ക്കാവുന്നതാണ്.

ഈ പരീക്ഷ എഴുതുന്നവർ 11, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ മൊത്തമായി പഠിച്ചെഴു തണം എന്നും 90 മിനിറ്റ്സ് ദൈർഘ്യമുള്ള 90 ചോദ്യങ്ങളുടെ പരീക്ഷ ആയിരിക്കും എന്നതും പ്രോജക്ടിന്റേത് ഉൾപ്പെടെ ആകെ 100 മാർക്ക് ആയിരിക്കും എന്നതും ശ്രദ്ധിക്കുക.

## പതിനൊന്നാം ക്ലാസ്

പതിനൊന്നാം ക്ലാസ്സിൽ E Grade ലഭിച്ചവർക്ക് മാർക്ക് മെച്ചപ്പെടുത്തണമെന്നുണ്ടെങ്കിൽ 2022 ലെ വാർഷിക പരീക്ഷയോടൊപ്പം പേരുകൾ രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്.

## 4 മുതൽ 9 വരെയുള്ള ക്ലാസ്സുകൾ

നാലു മുതൽ ഒൻപതു വരെയുള്ള ക്ലാസ്സുകളിൽ E Grade/Not Promoted പരീക്ഷാഫലം ലഭിച്ച വിദ്യാർത്ഥികൾക്ക് യൂണിറ്റ് തലത്തിൽ മറ്റൊരു പരീക്ഷ നടത്തിയോ അർദ്ധവാർഷിക പരീക്ഷയുടെ മാർക്ക് പരിഗണിച്ചോ ക്ലാസ്സ് കയറ്റം നൽകണം.

## അധ്യാപക പരിശീലന ക്ലാസ്

പുതിയ ചോദ്യരീതിയുമായി അധ്യാപകരും വിദ്യാർത്ഥികളും ഇതുവരെ പൂർണമായി താദാത്മ്യം പ്രാപിച്ചില്ല എന്നു മനസ്സിലാക്കുന്നു. അധ്യാപനരീതിതന്നെ കാലോചിതമായി മാറേണ്ടിയിരിക്കുന്നു. പുതിയ അധ്യയന ശൈലിയും അതനുസരിച്ചുള്ള ചോദ്യ മാതൃകകളും മാധ്യമങ്ങളിൽ വരുന്നത് എല്ലാവരും ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ. ഇതനുസരിച്ച് അധ്യാപകരെ ബോധവൽക്കരിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി 2022 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ എല്ലാ ഭദ്രാസനങ്ങളിലും അധ്യാപക പരിശീലനക്ലാസ്സുകൾ ക്രമീകരിക്കുകയാണ്. അതിന്റെ സമയവിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.

## ജീവകാരുണ്യദിനം

ജനുവരി 30-ാം തീയതി ഞായറാഴ്ച ജീവകാരുണ്യദിനമായി ക്രമീകരിക്കണം. ജീവകാരുണ്യദിനത്തോടനുബന്ധിച്ചു ശേഖരിക്കുന്ന തുകയും മുൻവർഷത്തെ സൺഡേസ്കൂൾ കവർപിരിവ്, കാരുണ്യദിനശേഖരണം, പരീക്ഷാഫീസ് തുടങ്ങിയവ കേന്ദ്രത്തിൽ അടച്ചിട്ടില്ല എങ്കിൽ അതും SBI Devalokam Branch 57017053485 (IFSC Code: SBIN0080720) എന്ന അക്കൗണ്ടിൽ തുക നൽകുവാനുള്ള ക്രമീകരണം ചെയ്യുമല്ലോ?

അന്നേദിവസം ശേഖരിക്കുന്ന തുകയാണ് നമ്മുടെ കുട്ടികളുടെയും അധ്യാപകരുടെയും വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും മറ്റുമായി നാം നൽകുന്നത് എന്നത് ഗൗരവമായി എടുക്കണം.

എല്ലാ കാര്യങ്ങളും ഭംഗിയായി നിർവഹിക്കുവാൻ ദൈവം സഹായിക്കട്ടെ.

12 ജനുവരി 2022
ദേവലോകം

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ, OSSAE